## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4135 25.06.2014 - ൽ മറുപടിക്ക്

### പഞ്ചമി ലെയിനിൽ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിലെ മൂന്നാംമൂട്-പാണാങ്കര പഞ്ചമി ലെയിനിൽ ജവഹർലാൽ നെഹ്റു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം ശുദ്ധജലവിതരണ പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിലെ മൂന്നാംമൂട് - പാണാങ്കര പഞ്ചമി ലെയിനിൽ ജൻറം പദ്ധതി പ്രകാരം ശുദ്ധജല വിതരണ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി ആരംഭിച്ചത് 2008-ലാണ്. |
| (ബി) ഇല്ലെങ്കിൽ ഏതു പദ്ധതി പ്രകാരമാണ് പ്രസ്തുത പ്രദേശത്ത് ശുദ്ധജലവിതരണ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളതെന്നും ഈ പദ്ധതി ആരംഭിച്ചതെന്നാണെന്നും അറിയിക്കുമോ; | |
| (സി) പാണാങ്കര പഞ്ചമി ലെയിനിൽ ശുദ്ധജലവിതരണ പൈപ്പുലൈൻ സ്ഥാപിച്ച് ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്ന പദ്ധതി പൂർത്തീകരിക്കുന്നതിനായി ഏതു പദ്ധതി കാലയളവിലാണ് തുക വകയിരുത്തിയിരുന്നത്; ആയത് പൂർത്തിയാക്കുന്നതിന് സമയ ക്രമം തയ്യാറാക്കിയിരുന്നോ; എങ്കിൽ എന്നാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്; അന്ന് പദ്ധതി പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണമെന്താണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | (സി) പാണാങ്കര പഞ്ചമി ലെയിനിൽ ശുദ്ധജലവിതരണ പൈപ്പുലൈനുകൾ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കുന്ന പ്രവൃത്തികൾ ഉൾപ്പെട്ട ജൻറം പദ്ധതിക്ക് ഭരണാനുമതി നൽകിയത് 14/09/2007-ലാണ്, 24/09/2008-ൽ പണികൾ ആരംഭിച്ച് 23/09/2009-ൽ പണി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിരുന്നു. എങ്കിലും പി.ഡബ്ല്യു.ഡി./എൻ.എച്ച്. തുടങ്ങിയ റോഡുകൾ കുഴിക്കുവാനുള്ള |

അനുവാദം ലഭിക്കുന്നതിൽ വന്ന താമസവും മറ്റു സാങ്കേതിക തടസ്സങ്ങളും കാരണം ടി കാലാവധി പലപ്രാവശ്യം ദീർഘിപ്പിക്കുകയുണ്ടായി. 2010-ൽ പഞ്ചമി ലൈനിൽ പൈപ്പ് ലൈൻ ഭാഗികമായി സ്ഥാപിച്ചുവെങ്കിലും ടി കരാർ ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ, ഹൈദ്രബാദിലുള്ള രാമകൃഷ്ണ കോൺട്രാക്ടേഴ്സ് എന്ന കമ്പനിയുടെ നിരുത്തരവാദിത്വവും ഉദാസീനതയും കാരണം അനുബന്ധ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല.

(ഡി) പാണാങ്കര പഞ്ചമി ലെയിനിൽ ശുദ്ധജലവിതരണ പൈപ്പ്ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്നും എന്നത്തേക്ക് ശുദ്ധജലവിതരണ കണക്ഷൻ നൽകാനാകുമെന്നും അറിയിക്കുമോ;

(ഇ) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്താണെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കുമോ?

(ഡി) & (ഇ) കോൺട്രാക്ടറുടെ ഉദാസീനത കാരണം 15/10/2012-ൽ അവരെ കോൺട്രാക്ടിൽ നിന്നും ഒഴിവാക്കി ഉത്തരവ് ഇറക്കിയെങ്കിലും ആ ഉത്തരവിനെ ചോദ്യം ചെയ്ത് സമർപ്പിച്ച അപേക്ഷ എംപവേർഡ് കമ്മിറ്റി പരിഗണിക്കുകയും പൈപ്പ് ലൈൻ സ്ഥാപിച്ച സ്ഥലങ്ങളിലെ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അധിക സമയം അനുവദിച്ച് കൊടുക്കുകയും ചെയ്തിരുന്നു. 31/03/2014 വരെ സമയം അനുവദിച്ചിരുന്നുവെങ്കിലും വളരെ കുറച്ച് പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കിയുള്ളൂ. വിശദമായ അവലോകനം നടത്തി പ്രസ്തുത കരാറുകാരന്റെ പ്രവൃത്തികൾക്ക് അനുയോജ്യമായ തീരുമാനം എടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ 12/05/2014-ൽ കൂടിയ എംപവേർഡ് കമ്മിറ്റി നിയോഗിച്ചിട്ടുണ്ട്. ടി കോൺട്രാക്ടറുടെ നിസ്സഹകരണം മാത്രമാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാനുള്ള തടസ്സം. ആയതിനാൽ അവരെ ഈ കരാറിൽ

നിന്നും ഒഴിവാക്കി അവരുടെ ചെലവിലും ഉത്തരവാദിത്വത്തിലും മറ്റൊരു കരാർ മുഖേന മാത്രമേ ടി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ